1) മുല്ലശ്ശേരി ഗവൺമെന്റ് എച്ച്.എസ്.എസ്.-ൽ കിഫ്ബിയുടെ 4.95 കോടി രൂപയുടെ സാമ്പത്തിക സഹായത്തോടെയുള്ള നിർമ്മാണപ്രവർത്തനങ്ങൾ 85 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

2) 1 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി പി.ജെ.എം.ജി.എച്ച്. എസ്.എസ്. കണ്ടശ്ശാൻകടവ്, ജി.എച്ച്.എസ്.എസ്. വാടാനപ്പള്ളി എന്നീ സ്കൂളുകൾക്ക് ഒരു കോടി രൂപയുടെ ഭരണാനുമതി നൽകി നിർമ്മാണ പ്രവർത്തനത്തിനുള്ള എസ്.പി.വി.-യായി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരം ലഭിച്ചു. ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഫയലുകൾ തീർപ്പാക്കാൻ നടപടി

114 (4856) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ തീർപ്പാക്കാതെ കിടക്കുന്ന ഫയലുകൾ/അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

പഴക്കമുള്ള ഫയലുകൾ തീർപ്പാക്കാൻ 2020 വരെ കൃത്യമായി ഫയൽ അദാലത്തുകൾ നടത്തി ഫയലുകൾ/അപേക്ഷകൾ തീർപ്പാക്കിയിരുന്നു. 2021-ൽ ഫയൽ അദാലത്ത് നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത ഡയറക്ടറേറ്റിൽ ഫയലുകൾ/അപേക്ഷകൾ പരമാവധി എത്ര സമയം ഒരു ഉദ്യോഗസ്ഥന്റെ പക്കൽ സൂക്ഷിക്കാം എന്നത് സംബന്ധിച്ച് നിബന്ധന ഏർപ്പെടുത്തുവാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഓഫീസ് നടപടികൾ സംബന്ധിച്ചുള്ള മാന്വൽ പ്രകാരം ഒരു തപാൽ ലഭ്യമായി പരമാവധി അഞ്ച് ദിവസത്തിനുള്ളിൽ നടപടി സ്വീകരിക്കേണ്ടതാണ്. ഉദ്യോഗസ്ഥതലത്തിൽ ഈ നിബന്ധന പാലിക്കുന്നതിന് കാലാകാലങ്ങളിൽ നിർദ്ദേശം നല്കിവരുന്നു.

(സി) ഇല്ലിക്കൽ വി.വൈ.എൽ.പി.എസ്.-ലെ എൽ.പി.എസ്.എ. ആയ ശ്രീ. ഷിജു.റ്റി. കെ.-യുടെ പലിശരഹിത ചികിത്സവായ്പ സംബന്ധിച്ച പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഡി.ജി.ഇ./6492/2019-ആർ.2 നമ്പർ ഫയലിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ?

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഡി.ജി.ഇ./6492/2019-ആർ.2 നമ്പർ ഫയലിൽ പരിശോധിച്ച് വരുന്നത് ഇല്ലിക്കൽ വി.വൈ.എൽ.പി.എസ്.-ലെ

LIBRARY ARCHIVES Kerala Legislative Assembly

എൽ.പി.എസ്.എ. ആയ ശ്രീ. ഷിജു. റ്റി. കെ-യുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് സംബന്ധിച്ച അപേക്ഷയാണ്. പലിശരഹിത ചികിത്സാവായ്പ സംബന്ധിച്ച വിഷയമല്ല. മേൽ അപേക്ഷയിൽ ന്യൂനതകൾ പരിഹരിച്ച് സമർപ്പിക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

(ഡി) പ്രസ്തുത ഫയൽ അടിയന്തരമായി തീർപ്പാക്കി ടിയാന് പലിശരഹിത ചികിത്സാവായ്പ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ന്യൂനതകൾ പരിഹരിച്ച് പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് പ്രൊപ്പോസൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

സ്കൂൾ തുറക്കുമ്പോൾ വിദ്യാർത്ഥികളുടെ ഷിഫ്റ്റ് നിർണ്ണയം

115 (4857) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2 ഡോസ് വാക്സിനേഷൻ പൂർത്തീകരിക്കാത്ത അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുള്ള വിദ്യാലയങ്ങളുടെ എണ്ണം വെളിപ്പെടുത്തുമോ?

വിവരം ശേഖരിച്ചുവരുന്നു.

(ബി) ഷിഫ്റ്റ് അടിസ്ഥാനത്തിൽ വിദ്യാലയങ്ങൾ പ്രവർത്തിക്കുമ്പോൾ ഓരോ ഷിഫ്റ്റിലും എത്തിച്ചേരേണ്ട വിദ്യാർത്ഥികളെ നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ?

ഇതുസംബന്ധിച്ച് പൊതുവിദ്യാഭ്യാസവകുപ്പ് പുറത്തിറക്കിയ മാർഗ്ഗരേഖയിൽ വിശദീകരിച്ചിട്ടുണ്ട്. ഷിഫ്റ്റ് അടിസ്ഥാനത്തിൽ വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തില്ല. ഒരു ക്ലാസ്സിനെ രണ്ടായി വിഭജിച്ച് ഒരു സമയം പരമാവധി ക്ലാസ്സിലുള്ള കുട്ടികളുടെ പകുതി കുട്ടികൾ ഹാജരാകാവുന്നതാണ്. ആദ്യ രണ്ടാഴ്ച ക്ലാസ്സുകൾ ഉച്ചവരെ ക്രമീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ആയിരം കുട്ടികളിൽ കൂടുതൽ ഉണ്ടെങ്കിൽ ആകെ കുട്ടികളുടെ 25 ശതമാനം മാത്രം ഒരു സമയത്ത് ക്യാമ്പസിൽ വരുന്ന രീതിയിൽ ക്ലാസ്സുകൾ ക്രമീകരിക്കേണ്ടതാണ്. കുട്ടികളുടെ എണ്ണം ക്രമീകരിച്ച് നിയന്ത്രിക്കുന്നതിനായി ഓരോ ക്ലാസ്സിലെയും കുട്ടികളെ ബാച്ചുകളായി തിരിക്കാവുന്നതാണ്. കുട്ടികളുടെ എണ്ണം കുറഞ്ഞ സ്കൂളുകളിൽ ഇത്തരം ബാച്ച് ക്രമീകരണം നിർബന്ധമല്ല. ക്രമീകരണ ചുമതല സ്കൂൾ മേധാവിക്കായിരിക്കും. ഓരോ ബാച്ചിനും തുടർച്ചയായി 3 ദിവസം (വിദ്യാർത്ഥികൾ അധികമുള്ള സ്കൂളുകളിൽ 2 ദിവസം) സ്കൂളിൽ വരാനുള്ള അവസരം ഒരുക്കണം; അടുത്ത ബാച്ച് അടുത്ത 3 ദിവസമായിരിക്കും സ്കൂളിൽ എത്തേണ്ടത്; ഒരു ബാച്ചിൽ ഉൾപ്പെട്ട വിദ്യാർത്ഥി സ്ഥിരമായി അതേ ബാച്ചിൽ തന്നെ തുടരേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly